# മടവൂർ വിഭാഗം സലഫികളോ...?!

## ഭാഗം – 4

## സ്വിറാത്തും മീസാനുമില്ലാത്തവർ

അബ്ദുൽമാലിക് മൊറയൂർ

പരലോക വിശ്വാസവുമായി ബന്ധപ്പെട്ട് ക്വുർആനും സുന്നത്തും പഠിപ്പിച്ച കാര്യങ്ങളായ സ്വർഗ്ഗ–നരക സൃഷ്ടിപ്പിനെ സംബന്ധിച്ച് മടവൂരികളുടെ പിഴച്ച വാദങ്ങൾക്ക് ചില സാമ്പിളുകൾ നാം വായിച്ചു.[1] സ്വർഗ–നരകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്ന സലഫീ അക്വീദയിൽ നിന്ന് ഇവർ എത്ര വിദൂരത്താണ് എന്ന് അതിലൂടെ വായനക്കാർ ശരിക്കും മനസ്സിലാക്കിയിട്ടുണ്ടാകും. ഇനി അതിനേക്കാൾ ഗുരുതരമായ ചില കാര്യങ്ങളിലേക്കാണ് വായനക്കാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നത്. അല്ലാഹുവിന്റെ ദീനിനെ എത്ര ലാഘവത്തോടെയാണ് മടവൂരികൾ കൈകാര്യം ചെയ്യുന്നതെന്നും പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട സംഗതികളെ എത്ര നിസ്സാര മനോഭാവത്തോടെയാണിവർ തള്ളിക്കളയുന്നത് എന്നും ശരിക്കും ഗ്രഹിക്കാവുന്ന ചില കാര്യങ്ങളാണ് നാം ഇനി പരിശോധിക്കുന്നത്. പരലോകത്ത് നരകത്തിന് മുകളിൽ ഒരു പാലമുണ്ട് എന്നും അതിന്റെ പേര് സ്വിറാത്ത് എന്നാണെന്നും അറിയാത്ത മുസ്ലിംകൾ കുറവായിരിക്കും. വളരെ ചെറുപ്പത്തിൽ തന്നെ നമ്മളൊക്കെ അത് പഠിച്ച് മനസ്സിലാക്കിയതുമാണ്. ക്വുർആൻ പഠിപ്പിക്കാൻ അല്ലാഹു നിയോഗിച്ച റസൂൽ(ﷺ) നമുക്ക് ആ സ്വിറാത്തിനെ പറ്റി വിശദമായി തന്നെ പഠിപ്പിച്ച് തന്നിട്ടുമുണ്ട്. ബുഖാരി, മുസ്ലിം അടക്കമുള്ള ഒട്ടു മിക്ക ഹദീസ് ഗ്രന്ഥങ്ങളിലും സ്വിറാത്തിനെ കുറിച്ചുള്ള ഹദീസുകൾ വന്നിട്ടുണ്ട്. ചില ഹദീസുകൾ കാണുക.

''ആയിശ(رضي الله عنها) നിവേദനം: നബി(ﷺ)യോട് ഞാൻ ''ഭൂമിയിൽ ഈ ഭൂമിയല്ലാതെ മറ്റൊന്നായും അപ്രകാരം ആകാശങ്ങളും മാറ്റപ്പെടും'' എന്ന ആയത്തിനെക്കുറിച്ച് ചോദിച്ചു. ആ ദിവസം ജനങ്ങൾ എവിടെയായിരിക്കും? നബി(ﷺ) പറഞ്ഞു: സ്വിറാത്തിൻമേലായിരിക്കും'' (മുസ്ലിം, അഹ്മദ്)

അപ്രകാരം തന്നെ ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്ന പരലോകത്തിലെ കാര്യങ്ങൾ വിവരിക്കുന്ന സുദീർഘമായ ഒരു ഹദീസിൽ ഇപ്രകാരം കാണാം.

''ആ സമയത്ത് നരകത്തിന് മുകളിൽ ഒരു പാലം ഉണ്ടാക്കപ്പെടും. അപ്പോൾ ഞാനായിരിക്കും അനുയായികളെയും കൂട്ടി അത് കടക്കുന്നവരിൽ ഒന്നാമൻ. പ്രവാചകൻമാരല്ലാതെ അന്ന് സംസാരിക്കില്ല. അവരുടെ പ്രാർത്ഥന 'അല്ലാഹുവേ, രക്ഷിക്കണേ, രക്ഷിക്കണേ' എന്നായിരിക്കും''

മറ്റൊരു ഹദീസ് കൂടി കാണുക. ''അബൂഹുറൈറ നിവേദനം: നബി(ﷺ) പറഞ്ഞു. ഖിയാമത്ത് നാളിൽ മരണത്തെ കൊണ്ട് വന്ന് സ്വിറാത്തിന് മുകളിൽ നിർത്തും. എന്നിട്ട് 'സ്വർഗവാസികളേ' എന്ന് വിളിക്കപ്പെടും. തങ്ങൾ ഉള്ളേടത്ത് നിന്ന് പുറം തള്ളപ്പെടുമോ എന്ന ഭയത്തോടെ അവരെല്ലാം എത്തി നോക്കും. പിന്നീട് 'നരകവാസികളേ' എന്ന് വിളിക്കപ്പെടും. തങ്ങൾ ഉള്ളേടത്ത്

[1] http://salafivoice.com/articles/Madavoor_Vibagam_Salafikalo_3.pdf

നിന്ന് പുറത്തേക്ക് കൊണ്ട് പോകപ്പെടുമോ എന്ന സന്തോഷത്തോടെ അവരും എത്തി നോക്കും. 'ഇതെന്താണെന്ന് നിങ്ങൾക്കറിയാമോ' എന്ന് ചോദിക്കപ്പെടും. അവർ പറയും. അതെ, ഇത് മരണമാണ്. അങ്ങനെ അല്ലാഹുവിന്റെ കൽപ്പന പ്രകാരം സ്വിറാത്തിൻമേൽ വെച്ച് മരണം അറുക്കപ്പെടും. എന്നിട്ട് ഇരുഭാഗക്കാരോടും പറയും. നിങ്ങൾ രണ്ട് കൂട്ടരും നിങ്ങൾ അനുഭ വിച്ച് കൊണ്ടിരിക്കുന്നതിൽ ശാശ്വതരാണ്. ഇനി നിങ്ങൾക്ക് മരണമില്ല'' (അഹ്മദ്)

അപ്രകാരം തന്നെ സൂറ: മർയമിലെ 'വ ഇൻ മിൻകും ഇല്ലാ വാരിദുഹാ' എന്ന ആയത്തിന്റെ വിശദീകരണത്തിൽ അത് സ്വിറാത്ത് പാലത്തിലൂടെ കടന്ന് പോവലാണെന്ന് അബ്ദുല്ലാഹിബ്നു മസ്ഊദിനെ പോലുള്ളവർ പറഞ്ഞതായി തഫ്സീറുകളിൽ കാണാം (ഇബ്നുകസീർ 3/177-179 കാണുക).

ഇത് പോലെത്തന്നെ ഇമാം ബുഖാരി(رحمه الله) തന്റെ സ്വഹീഹിൽ 'സ്വിറാത്ത് നരകത്തിന്റെ പാലം' എന്ന അധ്യായം തന്നെ നൽകിയിട്ടുണ്ട് (കിതാബു രികാകിലെ 52-ാം അധ്യായം). എന്നിട്ട് അതിന് തെളിവായി രണ്ട് ഹദീസുകളും നൽകിയിട്ടുണ്ട്.

ചുരുക്കത്തിൽ ഇസ്ലാമിക പ്രമാണങ്ങൾ കൊണ്ട് ഖണ്ഡിതമായി തെളിഞ്ഞ കാര്യമാണ് സ്വിറാത്ത് എന്ന് വ്യക്തമായല്ലോ. അത് കൊണ്ട് തന്നെ സ്വിറാത്ത് ഉണ്ടോ എന്ന വിഷയത്തിൽ അഹ്ലുസ്സുന്നയുടെ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസം തന്നെയില്ല. മുൻഗാമിക ളുടെ ഗ്രന്ഥങ്ങളിലെല്ലാം തന്നെ ഈ വിഷയം അവർ ജനങ്ങളെ പഠിപ്പിച്ചിട്ടുമുണ്ട്. ഹിജ്റ 239 ൽ ജനിച്ച മഹാ പണ്ഡിതനായ ഇമാം ത്വഹാവി(رحمه الله) അദ്ദേഹത്തിന്റെ അക്വീദ വിവരിക്കുന്ന ഗ്രന്ഥത്തിൽ പറയുന്നത് നോക്കൂ.

''അന്ത്യനാളിലും വിചാരണയിലും രക്ഷാശിക്ഷകളിലും സ്വിറാത്തിലും മീസാനിലും നാം വിശ്വ സിക്കുന്നു'' (ശർഹുൽ അക്വീദത്തത്വഹാവിയ്യ 404)

ഇതിലെ സ്വിറാത്തിനെ വിശദീകരിച്ച് കൊണ്ട് അല്ലാമാ ഇബ്നു അബിൽ ഇസ്സ്(رحمه الله) പറയു ന്നത് കാണുക. ''നാം സ്വിറാത്തിലും വിശ്വസിക്കുന്നു. അത് നരകത്തിന് മുകളിലുള്ള ഒരു പാല മാണ്'' (അതേ ഗ്രന്ഥം 415)

ശേഷം സ്വിറാത്തിന്റെ വിഷയത്തിൽ വന്ന ധാരാളം തെളിവുകളും അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. കൂടാതെ, ഇബ്നു ഹജറുൽ അസ്ക്വലാനി(رحمه الله)യും സ്വിറാത്തിനെ വളരെ വിശദമായി തന്നെ സ്ഥാപിക്കുന്നുണ്ട് (ഫത്ഹുൽബാരി 13/761). അപ്രകാരം തന്നെ ഇബ്നു തീമിയ്യ(رحمه الله), ഇബ്നുൽ ഖയ്യിം(رحمه الله), മുഹമ്മദ്ബ്ൻ അബ്ദുൽ വഹാബ്(رحمه الله), ഇബ്നുബാസ്(رحمه الله), ഉസൈമീൻ(رحمه الله), ശൈഖ് അൽബാനി(رحمه الله), കെ.എം മൗലവി(رحمه الله), അമാനി മൗലവി(رحمه الله), ഉമർ മൗലവി(رحمه الله), കെ.പി മുഹമ്മദ് മൗലവി(رحمه الله) തുടങ്ങി മുഴുവൻ സലഫീ പണ്ഡി തൻമാരും സ്വിറാത്ത് ഉണ്ടെന്ന് അംഗീകരിച്ചവരും അത് ജനങ്ങളെ പഠിപ്പിച്ചവരുമാണ്. ഇത്രയും വിവരിച്ചതിൽ നിന്നും സ്വിറാത്ത് പാലം ഇല്ല എന്നൊരാൾ വാദിച്ചാൽ അയാളുടെ അവസ്ഥ എന്തായിരിക്കുമെന്ന് വായനക്കാർക്ക് ഊഹിക്കാമല്ലോ. അവനെ സലഫികളുടെ പട്ടികയിൽ ചേർക്കാനാവില്ല എന്ന് നമുക്ക് നിസ്സംശയം പറയാം.

എന്നാൽ കേരളക്കരയിൽ നവോത്ഥാനത്തിന്റെ പേരും പറഞ്ഞ് ഊര് ചുറ്റുന്ന മടവൂരീ പുരോ ഹിതൻമാർ സ്വിറാത്തിനെയും നിഷേധിച്ചിട്ടുണ്ട് എന്നതാണ് വസ്തുത. ''ഞങ്ങൾ ഹദീസുകളെ നിഷേധിക്കാറില്ല, മുൻഗാമികളുടെ വിമർശനങ്ങൾ എടുത്തുദ്ധരിക്കുക മാത്രമേ ചെയ്യാറുള്ളൂ'' എന്ന് മടവൂരികൾ ഇടക്കിടെ തട്ടി വിടാറുണ്ട്. എന്നാൽ ബുഖാരി, മുസ്ലിം അടക്കമുള്ള നിര വധി ഹദീസ് ഗ്രന്ഥങ്ങളിൽ കൃത്യമായി പരാമർശിക്കപ്പെട്ട സ്വിറാത്തിനെ മടവൂരികൾ നിഷേധി ച്ചിട്ടുണ്ട് എന്ന് തെളിവ് സഹിതം ഇവിടെ പുറത്ത് കൊണ്ട് വരാൻ പോവുകയാണ്. മടവൂരീ മത

ക്കാരുടെ സലഫീ വിരുദ്ധ ആദർശത്തിന്റെയും ഹദീസ് നിഷേധത്തിന്റെയും ഏറ്റവും മികച്ച ഉദാഹരണമാണ് അവരുടെ സ്വിറാത്ത് നിഷേധം. തങ്ങൾ ഹദീസിനെ നിഷേധിക്കാറില്ല എന്ന മട വൂരീ പുരോഹിതൻമാരുടെ ജൽപനങ്ങൾ വെറും പൊള്ളയാണെന്ന് വായനക്കാർക്ക് ശരിക്കും മനസ്സിലാക്കാൻ പറ്റിയ ഒരു അവസരം കൂടിയാണിത്. ഇനി, മടവൂരികൾ സ്വിറാത്തിനെ കുറിച്ച് എഴുതി വിട്ട കാര്യങ്ങൾ ഓരോന്നായി നമുക്കൊന്ന് പരിശോധിക്കാം.

ഇമാം ബുഖാരി(رحمه الله) തന്റെ സ്വഹീഹിൽ കിതാബുന്നികാഹിൽ 88–ാം അധ്യായത്തിൽ ഒരു ഹദീസ് ഉദ്ധരിക്കുന്നുണ്ട്. അതിപ്രകാരമാണ്. ''ഉസാമ(ﷺ) പറഞ്ഞു. നബി(ﷺ) അരുളി: ഞാൻ സ്വർഗ്ഗ കവാടത്തിൽ നിന്ന് നോക്കി. അപ്പോൾ അതിൽ പ്രവേശിക്കുന്നവർ അധികവും അഗതി കളായിരുന്നു. ധനികരെ അല്ലാഹു തടഞ്ഞ് നിർത്തിയിരിക്കുകയായിരുന്നു. അപ്പോൾ നരകവാസികളെ നരകത്തിലേക്ക് ആക്കാൻ കൽപ്പനയുണ്ടായി. ഞാൻ നരക കവാടത്തിൽ ചെന്ന് നിന്നു. അതിൽ പ്രവേശിക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളായിരുന്നു''

ഈ ഹദീസിനെ വിശദീകരിച്ച് കൊണ്ട് മടവൂരികൾ എഴുതുന്നത് നോക്കുക. ''സ്വിറാത്ത് പാലം ഇല്ലെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു'' (സുല്ലമിയുടെ ബുഖാരി പരിഭാഷ 3/568)

സുബ്ഹാനല്ലാഹ്! ബുദ്ധി മരവിക്കാത്ത വല്ല മടവൂരികളും ഭൂമിക്ക് മുകളിൽ അവശേഷിക്കുന്നു വെങ്കിൽ അവർ തെളിയിക്കട്ടെ, ഈ ഹദീസിൽ എവിടെയാണ് സ്വിറാത്ത് പാലം ഇല്ല എന്നുള്ളത്? ഈ ഹദീസിനെ വിശദീകരിച്ച ഏത് പണ്ഡിതനാണ് സ്വിറാത്ത് പാലം ഇല്ല എന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു എന്ന് എഴുതിയിട്ടുള്ളത്? ഞങ്ങൾ മുൻഗാമികളുടെ വിമർശനം എടുത്തുദ്ധരിക്കുക മാത്രമേ ചെയ്യാറുള്ളൂ എന്ന മടവൂരികളുടെ ജൽപനം ഇവിടെ തകർന്ന് തരി പ്പണമാവുകയാണ്. സ്വിറാത്ത് പാലത്തെക്കുറിച്ച് ഈ ഹദീസിൽ പരാമർശമില്ല എന്നത് ശരിയാ ണ്. അതിനർത്ഥം സ്വിറാത്ത് പാലം ഇല്ല എന്നാണോ? അങ്ങനെയാണെങ്കിൽ വിചാരണയെക്കു റിച്ചും ഗ്രന്ഥം നൽകുന്നതിനെക്കുറിച്ചും സ്വർഗ്ഗ നരകങ്ങളെ കൊണ്ടു വരുന്നതിനെക്കുറിച്ചും അമലുകൾ തൂക്കുന്നതിനെക്കുറിച്ചും അർശിന്റെ തണലിനെ സംബന്ധിച്ചുമൊന്നും ഈ ഹദീ സിൽ പരാമർശമില്ലല്ലോ. അതിന്റെയർത്ഥം അതൊന്നും ഇല്ല എന്നാണോ? വല്ലാത്ത വിവരം തന്നെ!! ഒരു കാര്യം ഒരു സ്ഥലത്ത് പരാമർശിച്ചില്ല എന്നതിന്റെ അർത്ഥം ആ കാര്യം തന്നെയി ല്ലെന്നാണ് എന്ന് എഴുതി വിടണമെങ്കിൽ അയാളുടേത് വല്ലാത്ത കെണിഞ്ഞ ബുദ്ധി തന്നെയാവ ണം. മടവൂരീ മതക്കാരുടെ ഈ വാദം അംഗീകരിച്ചാൽ വിശ്വാസ കാര്യങ്ങളിൽ അടിസ്ഥാനമാ യതിനെ പലതിനെയും നാം തള്ളേണ്ടി വരും. ഉദാഹരണമായി, സൂറത്ത് ബഖറയിലെ 286–ാം ആയത്തിൽ വിശ്വാസികളുടെ വിശ്വാസം വിവരിക്കുന്ന സ്ഥലത്ത് അല്ലാഹുവിലും മലക്കുക ളിലും ഗ്രന്ഥങ്ങളിലും പ്രവാചകൻമാരിലും ഉള്ള വിശ്വാസം മാത്രമേ പറയുന്നുള്ളൂ. അന്ത്യനാ ളിലും ഖദ്റിലും ഉള്ള വിശ്വാസം പറയുന്നില്ല. അതിനർത്ഥം ഈ രണ്ട് വിശ്വാസവും ഇല്ലെ ന്നാണോ? മടവൂരികളുടെ സിദ്ധാന്തപ്രകാരം ഒരുത്തൻ ഈ ആയത്ത് ഉദ്ധരിച്ച് 'പരലോക വിശ്വാസം ഇല്ല എന്ന് ഈ ആയത്ത് തെളിയിക്കുന്നു' എന്ന് പറഞ്ഞാൽ അയാളെക്കുറിച്ച് 'മട വൂരി' എന്ന് പറയുമെന്നല്ലാതെ ബുദ്ധിയുള്ളവനായി അവനെ ആരും അംഗീകരിക്കില്ല. വിഡ്ഢിത്തം എഴുതുന്നതിനും വേണ്ടേ ഒരു അതിര്?

ചുരുക്കത്തിൽ മടവൂരികൾ എഴുതിയത് പോലെ സ്വിറാത്ത് പാലം ഇല്ല എന്ന് തെളിയിക്കുന്ന ഒരക്ഷരം പോലും പ്രസ്തുത ഹദീസിലില്ല. മാത്രവുമല്ല, ഇമാം ബുഖാരി(رحمه الله) ആണല്ലോ ഈ ഹദീസ് ഉദ്ധരിച്ചത്. എന്നാൽ അതേ ഇമാം ബുഖാരി തന്നെ അതേ ഗ്രന്ഥത്തിൽ 'സ്വിറാത്ത് നര കത്തിന്റെ പാലം' എന്നൊരു അധ്യായം തന്നെ കൊടുത്തത് മുകളിൽ നാം ഉദ്ധരിക്കുകയുണ്ടാ യി. അപ്പോൾ ഇമാം ബുഖാരിക്ക് പോലും തിരിയാത്ത സംഗതിയാണ് മടവൂരികളുടെ മഹാമുഹ ദ്ദിസിന് തിരിഞ്ഞിരിക്കുന്നത്!! വല്ലാത്തൊരു തിരിയൽ തന്നെ!! ഇനി മടവൂരികൾ വിശദീകരിക്ക ട്ടെ. ഈ ഹദീസിനെ ഉദ്ധരിച്ച് സ്വിറാത്തിന്റെ വിഷയത്തിൽ വന്ന മുഴുവൻ ഹദീസുകളെയും തള്ളിക്കളഞ്ഞ് സ്വിറാത്ത് പാലം ഇല്ല എന്ന് എഴുതിയ ഏത് മുൻഗാമിയെയാണ് നിങ്ങൾക്ക്

കാണിക്കാനുള്ളത്? അതിനാൽ 'ഞങ്ങൾ മുൻഗാമികളെ ഉദ്ധരിക്കുകയാണ്' എന്ന് ഗതി മുട്ടുമ്പോൾ തട്ടി മൂളിക്കാറുള്ള മടവൂരികളുടെ കച്ചിത്തുരുമ്പാണ് പൊളിച്ച് കയ്യിൽ തന്നിരിക്കുന്നത്. മറുപടിയുണ്ടെങ്കിൽ കാണട്ടെ.

ഇവർ സ്വിറാത്ത് നിഷേധികളാണ് എന്നതിന് ഒരു തെളിവ് കൂടി കണ്ടോളൂ. ഇമാം മുസ്‌ലിം (ﷺ) തന്റെ സ്വഹീഹിൽ അബൂഹുറൈറ(ﷺ)വിൽ നിന്ന് സുദീർഘമായ ഒരു ഹദീസ് ഉദ്ധരിക്കുന്നുണ്ട്. സ്വിറാത്ത് പാലത്തിലൂടെ ആളുകൾ കടന്ന് പോകുന്ന രംഗം അതിൽ റസൂൽ(ﷺ) വിവരിക്കുന്നുണ്ട്. അവിടുന്ന് പറയുന്നു.

''അങ്ങനെ അവർ മുഹമ്മദ് നബി(ﷺ)യുടെ അടുക്കൽ ചെല്ലും. ആ സമയത്ത് അദ്ദേഹം എഴുന്നേൽക്കുകയും അനുമതി നൽകപ്പെടുകയും ചെയ്യും. അപ്പോൾ അമാനത്തും കുടുംബബന്ധവും സ്വിറാത്തിന്റെ ഇടതു വലതു ഭാഗങ്ങളിൽ ചെന്ന് നിൽക്കും. നിങ്ങളിൽ ആദ്യം കടക്കുന്നവൻ മിന്നൽ വേഗത്തിലായിരിക്കും''. നിവേദകൻ ചോദിച്ചു. ''മിന്നൽ വേഗതയിൽ എന്ന് പറഞ്ഞാൽ ഉദ്ദേശ്യം?'' അവിടുന്ന് പറഞ്ഞു. ''കണ്ണിമ വെട്ടുന്നതിനിടയിൽ. മിന്നൽ വരുന്നതും പോകുന്നതും നീ കണ്ടിട്ടില്ലേ?. പിന്നെ കാറ്റ് വീശുന്നത് പോലെയും പക്ഷികൾ പറക്കുന്ന വേഗത്തിലും മനുഷ്യർ ഓടുന്ന വേഗത്തിലും ചിലർ കടന്ന് പോകും. അവരുടെ പ്രവർത്തനങ്ങളാണ് അവരെ കടത്തിക്കൊണ്ട് പോകുന്നത്. റബ്ബേ രക്ഷപ്പെടുത്തണേ, രക്ഷപ്പെടുത്തണേ എന്ന് പറഞ്ഞ് കൊണ്ട് നിങ്ങളുടെ നബി ആ സ്വിറാത്തിൻമേൽ നിൽക്കുന്നുണ്ടാകും. അടിമകളുടെ അമലുകൾ കൊണ്ട് പാലം കടക്കാൻ സാധിക്കാതെ വരുന്നത് വരെ. അങ്ങനെ നിരങ്ങിക്കൊണ്ടല്ലാതെ സ്വിറാത്ത് കടക്കാൻ കഴിയാത്ത ഒരാൾ വരും. സ്വിറാത്തിന്റെ ഇരുവശത്തും തൂക്കിയിടപ്പെട്ട കൊളുത്തുകളുണ്ടായിരിക്കും. അതിനോട് കൽപ്പിക്കപ്പെട്ടവരെ അത് പിടികൂടും. അപ്പോൾ അതിന്റെ മാന്തലേറ്റ് രക്ഷപ്പെടുന്നവരുണ്ട്. മേൽക്കുമേൽ നരകത്തിൽ വീഴ്ത്തപ്പെടുന്നവരും ഉണ്ട്'' (മുസ്‌ലിം)

നോക്കൂ. എത്ര വിശദവും കൃത്യവുമായാണ് റസൂൽ(ﷺ) സ്വിറാത്തിനക്കുറിച്ചും അതിലൂടെ കടന്ന് പോകുന്നവരെക്കുറിച്ചും വിവരിച്ച് തന്നിരിക്കുന്നത്. ഇത് സ്വിറാത്ത് പാലത്തിന്റെ സംഗതിയാണ് എന്ന് സാമാന്യ ബുദ്ധിയുള്ള ആർക്കും മനസ്സിലാകും. മാത്രവുമല്ല, സ്വിറാത്ത് എന്ന് നബി(ﷺ) കൃത്യമായി പറയുകയും ചെയ്തിരിക്കുന്നു. അത് കൊണ്ട് തന്നെ സ്വിറാത്ത് ഉണ്ടെന്നും അതിന്റെ സ്വഭാവം ഇന്നതായിരിക്കും എന്നും വിശ്വാസികൾക്ക് ഒരു സംശയവും ഉണ്ടാവാൻ ഇടയില്ലല്ലോ. പക്ഷെ മടവൂരികളുടെ അവസ്ഥ അതല്ല. മുഅ്തസിലത്തിന്റെയും ചേകനൂരിസത്തിന്റെയും വിഷവിത്തുകളെ തലയിൽ മുളപ്പിച്ച് പോറ്റി വളർത്തുന്ന മടവൂരീ പുരോഹിതർ ഈ ഹദീസിനെക്കുറിച്ച് എഴുതിയത് കാണുക.

''പാലം എന്നതിന്റെ വിവക്ഷ നമുക്ക് അജ്ഞാതമാണ്. കുറ്റവാളികളെ മലക്കുകൾ പിടിച്ച് നരകത്തിലേക്ക് എറിയുകയാണ് ചെയ്യുക. ഈ സത്യം പരിശുദ്ധ ക്വുർആനിലെ നൂറിൽ പരം സൂക്തങ്ങളിൽ വിവരിക്കുന്നുണ്ട്.'' (സുല്ലമിയുടെ രിയാളുസ്സ്വാലിഹീൻ പരിഭാഷ 1/224)

അല്ലാഹുവിൽ അഭയം. റസൂൽ(ﷺ) സ്വിറാത്തിനെ ഇത്ര വിശദമായി വിവരിച്ചിട്ടും മടവൂരികൾക്ക് ഇപ്പോഴും അത് അജ്ഞാതമാണത്രെ!! വല്ലാത്ത കഷ്ടം തന്നെ. അല്ലെങ്കിലും മുഅ്തസിലീ ചവറുകൾ കുമിഞ്ഞ് കൂടിയ മടവൂരികളുടെ തലമണ്ടയിലേക്ക് നബി(ﷺ) പറഞ്ഞ ഹദീസുകൾ കയറില്ല എന്ന് ഉറപ്പാണല്ലോ. പാലത്തിന്റെ രൂപം നമുക്ക് അജ്ഞാതമാണ് എന്നാണ് പറഞ്ഞിരുന്നതെങ്കിൽ നമുക്ക് അംഗീകരിച്ച് കൊടുക്കാമായിരുന്നു. ഇത് അതല്ല. വിവക്ഷ തന്നെ നമുക്ക് അജ്ഞാതമാണ് എന്നാണ് തട്ടി വിട്ടിരിക്കുന്നത്. നമുക്ക് എന്നത് മടവൂരികളെ ഉദ്ദേശിച്ചാണെങ്കിൽ ശരിയാണ്. എന്നാൽ ഞങ്ങൾ അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തുകാർക്ക് അതിന്റെ വിവക്ഷ ഒരിക്കലും അജ്ഞഞാതമല്ല. അത് നരകത്തിന് മുകളിലുള്ള സ്വിറാത്ത് പാലം തന്നെയാണ്.

മടവൂരീ പുരോഹിതൻമാരുടെ വിവരക്കേടുകൾ അവിടെയും അവസാനിക്കുന്നില്ല. സ്വിറാത്ത് പാലം ക്വുർആനിന് എതിരാണ് എന്ന് വരുത്തിത്തീർക്കാൻ ഒരു ഗൂഢമായ ശ്രമവും അവർ നട ത്തുന്നുണ്ട്. അതിനാണ് കുറ്റവാളികളെ മലക്കുകൾ പിടിച്ച് നരകത്തിലേക്കെറിയുമെന്നാണ് ക്വുർആനിലുള്ളത് എന്ന് തട്ടി വിട്ടിരിക്കുന്നത്. വിവരക്കേട് അഭിമാനമായി കൊണ്ട് നടക്കുന്ന മടവൂരികളോട് നമുക്ക് സഹതപിക്കാം. ഒപ്പം മടവൂരികൾക്ക് ക്വുർആനിലുള്ള വിവരം അപാരം തന്നെ എന്ന് പറയാതിരിക്കാനും വയ്യ. നിങ്ങൾ നോക്കൂ. ക്വുർആൻ ലഭിക്കുകയും അത് പഠിപ്പി ക്കുകയും ചെയ്ത നബി(ﷺ) തന്നെ സ്വഹാബത്തിനെക്കുറിച്ച് വിവരിച്ചതാണ് മുകളിൽ നാം വായിച്ചത്. പക്ഷെ മടവൂരികൾ പഠിച്ച ക്വുർആനനുസരിച്ച് സ്വിറാത്ത് പാടില്ല താനും. ഏത് ക്വുർ ആനാണാവോ ഇവർ ഓതുന്നത്. വായിൽ തോന്നിയ രൂപത്തിൽ ക്വുർആനിനെയും ഹദീസി നെയും ദുർവ്യാഖ്യാനിക്കുന്ന മടവൂരീ മതക്കാരുടെ കാര്യം മഹാ കഷ്ടം തന്നെ.

ഇമാം ബുഖാരി(رحمه الله) തന്റെ സ്വഹീഹിൽ സ്വിറാത്തിനെക്കുറിച്ച് 'സ്വിറാത്ത് നരകത്തിന്റെ പാലം' എന്നൊരു അധ്യായം തന്നെ കൊടുത്ത കാര്യം നാം മുമ്പ് സൂചിപ്പിച്ചുവല്ലോ. എന്നാൽ മടവൂരികൾ പ്രസ്തുത അധ്യായത്തെക്കുറിച്ച് നടത്തിയ വിശകലനം കാണുക.

''ഭയഭക്തൻമാരെ സ്വർഗ്ഗത്തിലേക്ക് സംഘമായും പാപികളെ നരകത്തിലേക്ക് സംഘവുമാ യാണ് കൊണ്ട് പോവുക എന്ന് ഖുർആൻ പറയുന്നു. അത് പോലെ പാപികളെ ചങ്ങലകളിൽ ബന്ധിച്ച് മലക്കുകളോട് നരകത്തിലേക്ക് എറിയുവാൻ അല്ലാഹു കൽപ്പിക്കുന്നത് ഖുർആൻ പ്രസ്താവിക്കുന്നു. വിശ്വാസ കാര്യങ്ങൾക്ക് അവലംബം ഖുർആനും മുതവാതിറായ ഹദീസു മാണ് (ജൗഹറുത്തൗഹീദ്)'' (ബുഖാരി പരിഭാഷ. സുല്ലമി 3/838)

മടവൂരീ പുരോഹിതൻമാരുടെ തനിനിറം ഈ വരികളിൽ നിന്ന് വായനക്കാർ ശരിക്കും ഗ്രഹിക്ക ണം. നോക്കൂ, സ്വിറാത്ത് എന്നത് നരകത്തിന്റെ പാലമാണ് എന്ന് പറഞ്ഞത് തെളിവായി രണ്ട് ഹദീസുകളും കൊടുത്ത് കൃത്യമായി ഇമാം ബുഖാരി വിവരിച്ചതിനെ പറ്റിയാണ് മടവൂരികളുടെ ഈ കമന്റ്. ഈ അധ്യായത്തെ വിശദീകരിച്ച് കൊണ്ട് ഇബ്നു ഹജർ അസ്ക്വലാനി(رحمه الله) എഴു തുന്നത് കാണുക.

''വിശ്വാസികൾ സ്വർഗ്ഗത്തിലേക്ക് കടന്ന് പോകാൻ വേണ്ടി നരകത്തിനു മുകളിൽ സ്ഥാപിക്കപ്പെ ടുന്ന ഒരു പാലമാണത്'' (ഫത്ഹുൽബാരി 11/64)

എന്നാൽ നബി(ﷺ) പഠിപ്പിച്ച, ബുഖാരിയടക്കമുള്ള മുഹദ്ദിസുകൾ അംഗീകരിച്ച സ്വിറാത്ത് എന്നത് ക്വുർആനിലെ ചില ആയത്തുകൾക്ക് എതിരാണ് എന്നതാണ് വരികൾക്കിടയിലൂടെ മട വൂരികൾ സൂചിപ്പിക്കുന്നത്. എങ്കിൽ മടവൂരികൾ ഒരു കാര്യം തെളിയിക്കണം. മടവൂരികൾ സൂചിപ്പിച്ച ആയത്തുകൾ ലോകത്ത് ആദ്യമായി കണ്ടത് ഏതായാലും മടവൂരികളല്ലല്ലോ. പതി നാല് നൂറ്റാണ്ട് കാലത്തോളം മുസ്‌ലിംകൾ പഠിച്ച് മനസ്സിലാക്കിയ ആയത്തുകൾ തന്നെയാണവ. ഈ ആയത്തുകൾ ഉദ്ധരിച്ച് ഇത് സ്വിറാത്ത് പാലത്തിന് എതിരാണ് എന്ന് ഏതെങ്കിലുമൊരു സ്വഹാബിയോ പ്രാമാണിക മുഫസ്സിറോ ഏതെങ്കിലുമൊരു സലഫീ പണ്ഡിതനോ പറഞ്ഞതായി തെളിയിക്കാൻ മടവൂരികൾക്ക് നട്ടെല്ലുണ്ടോ? ഉണ്ടെങ്കിൽ കാണട്ടെ. നബി(ﷺ)ക്കോ സ്വഹാബ ത്തിനോ മുൻഗാമികൾക്കോ അഹ്‌ലുസ്സുന്നയുടെ പണ്ഡിതൻമാർക്കോ മനസ്സിലാകാത്ത ഒരു കാര്യം മടവൂരീ പുരോഹിതൻമാർക്ക് മാത്രം മനസ്സിലായി എന്ന് അംഗീകരിക്കാൻ ഏതായാലും മുസ്‌ലിംകൾക്കാവില്ല. ഇതിനൊക്കെ പുറമെ വിശ്വാസ കാര്യങ്ങൾക്ക് അവലംബം ക്വുർആനും മുതവാതിറായ ഹദീസുമാണെന്ന ലോക മണ്ടത്തരവും മടവൂരികൾ വിളമ്പിയിരിക്കുന്നു. നിങ്ങ ളുടെ അഹ്‌ലുൽ കലാമിന്റെ ഈ വാദം ഏതായാലും നബി(ﷺ)യിൽ നിന്ന് ദീൻ പഠിച്ച സ്വഹാ ബത്തിനോ താബിഉകൾക്കോ മുഹദ്ദിസുകൾക്കോ മനസ്സിലായിട്ടില്ല എന്നതിന്, അവരെല്ലാം തന്നെ മുതവാതിറല്ലാത്ത ഹദീസുകൾ വിശ്വാസ കാര്യങ്ങളിൽ ഉദ്ധരിച്ചിട്ടുണ്ട് എന്നത് തന്നെ തെളിവായി മതി. വിശദമായി പിന്നീട് വിവരിക്കുന്നുണ്ട്. ഇൻശാഅല്ലാ. ചുരുക്കത്തിൽ, നബി(ﷺ)

പഠിപ്പിച്ചതും സലഫികൾക്കിടയിൽ അഭിപ്രായ വ്യത്യാസമില്ലാത്തതുമായ സ്വിറാത്തിനെ നിഷേധിക്കാൻ ക്വുർആനിനെപ്പോലും ദുർവ്യാഖ്യാനിക്കാനും മടവൂരികൾ ദൃഷ്ടരായി എന്നതാണ് നാം കണ്ടത്. സ്വിറാത്തിനെ നിഷേധിച്ച് എന്ത് ഇസ്‌ലാമാണ് മടവൂരികൾ ഇവിടെ പ്രചരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്? അങ്ങനെയൊരു ഇസ്‌ലാം ഏതായാലും മുസ്‌ലിംകൾക്ക് പരിചയമില്ല. മടവൂരികളെ സലഫികളുടെ പട്ടികയിൽ ചേർക്കാൻ പറ്റുമോ എന്ന് ഇനി വായനക്കാർ തീരുമാനിക്കുക.

സ്വിറാത്തിനെ മാത്രമല്ല, മീസാനിനെയും ഇവർ വ്യാഖ്യാനിച്ച് നിഷേധിക്കാറുണ്ട് എന്നതാണ് മറ്റൊരു വസ്തുത. മടവൂരിസമെന്നത് തനി മോഡേണിസമായി മാറിയിരിക്കുന്നു എന്നതിന് തെളിവാണിത്. അല്ലെങ്കിലും സ്വിറാത്തിനെ നിഷേധിക്കുന്നവർ മീസാനെ നിഷേധിച്ചില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ. പരലോക വിശ്വാസവുമായി ബന്ധപ്പെട്ട കാര്യമാണ് മീസാനും. അതിനെക്കുറിച്ചും ക്വുർആനിലും സുന്നത്തിലും ധാരാളം വന്നിട്ടുണ്ട്. അല്ലാഹു പറയുന്നു.

''അന്നത്തെ ദിവസം കർമ്മങ്ങൾ തൂക്കിക്കണക്കാക്കുന്നത് സത്യമായിരിക്കും. അപ്പോൾ ആരുടെ തുലാസുകൾ ഘനം തൂങ്ങിയോ അവരാണ് വിജയികൾ. ആരുടെ തുലാസുകൾ ഘനം കുറഞ്ഞുവോ അവരാണ് ആത്മനഷ്ടം നേരിട്ടവർ'' (വി.ക്വു 7: 8,9)

വീണ്ടും പറയുന്നു. ''ഖിയാമത്ത് നാളിൽ നീതിപൂർണ്ണമായ തുലാസുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാളോടും ഒട്ടും അനീതി കാണിക്കപ്പെടുകയില്ല'' (21:47)

ഇത് ചില ഉദാഹരണങ്ങൾ മാത്രം. ഇവ്വിഷയകമായി നിരവധി ആയത്തുകൾ ക്വുർആനിൽ കാണാം. അതിലെല്ലാം തന്നെ അന്ത്യനാളിലെ തുലാസിനെ പരിചയപ്പെടുത്തുന്നുണ്ട്. ഇനി, മീസാനിനെ കുറിച്ച് നബി(ﷺ) പറയുന്നത് നോക്കുക.

''അല്ലാഹുവിന്റെ കൈ നിറഞ്ഞിരിക്കുന്നു. ഇടതടവില്ലാതെ രാപ്പകൽ ചിലവഴിച്ചാലും അത് കുറയുകയില്ല. ആകാശ ഭൂമികൾ സൃഷ്ടിച്ചത് മുതൽ അവൻ ചിലവഴിച്ച് കൊണ്ടേയിരിക്കുന്നത് നിങ്ങൾ മനസ്സിലാക്കുന്നില്ലേ? എന്നിട്ടും അവന്റെ കയ്യിലുള്ളത് കുറയുന്നില്ല''

നബി(ﷺ) തുടർന്ന് പറഞ്ഞു. ''അവന്റെ അർശ് വെള്ളത്തിൻമേലാണ്. അവന്റെ മറുകയ്യിൽ മീസാൻ ഉണ്ട്. അത് അവൻ താഴ്ത്തുകയും ഉയർത്തുകയും ചെയ്യുന്നു'' (ബുഖാരി)

ചുരുക്കത്തിൽ മീസാൻ എന്നത് ക്വുർആൻ കൊണ്ടും ഹദീസ് കൊണ്ടും തെളിഞ്ഞ കാര്യമാണെന്നത് മനസ്സിലായല്ലോ. അപ്രകാരം തന്നെ ഇമാം ത്വഹാവി(رحمه الله) മീസാനിനെക്കുറിച്ച് പറഞ്ഞത് മുമ്പ് നാം ഉദ്ധരിച്ചു. ഇമാം അബൂ ഇസ്ഹാഖ് സജ്ജാജ്(رحمه الله) പറയുന്നു.

''മീസാനിന്റെ വിഷയത്തിൽ അഹ്‌ലുസ്സുന്നയിലെ പണ്ഡിതൻമാർ യോജിച്ചിരിക്കുന്നു'' (ഫത്ഹുൽബാരി 13/762)

മാത്രവുമല്ല, ഇമാം ബുഖാരി(رحمه الله)യുടെ സ്വഹീഹിലെ അവസാനത്തെ അധ്യായം മീസാനെ പറ്റിയാണ്. അതിൽ ഇമാം ബുഖാരി ഉദ്ധരിച്ച ഹദീസ് ഇപ്രകാരമാണ്.

''പരമകാരുണികന് പ്രിയപ്പെട്ടതും പറയാൻ നാവിന് എളുപ്പമുള്ളതും പ്രതിഫലത്തിന്റെ തുലാസ്സിൽ ഏറെ ഘനമേറിയതുമായ രണ്ട് വചനങ്ങളാണ് ''സുബ്ഹാനല്ലാഹി വബിഹംദിഹീ, സുബ്ഹാനല്ലാഹിൽ അളീം''.

അഹ്ലുസ്സുന്നയുടെ പണ്ഡിതൻമാർ ആരും തന്നെ പരലോകത്ത് സ്ഥാപിക്കപ്പെടുന്ന മീസാനിനെ നിഷേധിക്കുകയോ വ്യാഖ്യാനിച്ച് നിഷേധിക്കുകയോ ചെയ്തിട്ടില്ല. അമാനി മൗലവി(رحمه الله) പറയുന്നത് നോക്കൂക. ''ഖിയാമത്ത് നാളിൽ എല്ലാ കർമ്മങ്ങളും തൂക്കിക്കണക്കാക്കപ്പെടുന്നതാണെന്നും അതിനായി ഒരു തുലാസ് ഏർപ്പെടുത്തുമെന്നും ക്വുർആനിലും ഹദീസിലും വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാകുന്നു. ആ തുലാസ് എങ്ങനെയുള്ളതാണ്, കർമ്മങ്ങളെ എങ്ങനെയാണ് തൂക്കി നോക്കുക എന്നൊന്നും നമുക്കറിഞ്ഞ് കൂടാ. അതെല്ലാം അദൃശ്യ കാര്യങ്ങളിൽ പെട്ടതാകുന്നു. നാം അതിൽ വിശ്വസിക്കൽ നിർബന്ധമാണ്. അതിന്റെ വിശദാംശങ്ങളെ കുറിച്ചുള്ള അറിവ് അല്ലാഹുവിനുള്ളതാണ്. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണല്ലോ'' (ക്വുർആൻ വിവരണം 3/2059)

അഹ്ലുസ്സുന്നയുടെ വിശ്വാസം ഈ വിഷയത്തിൽ എന്താണെന്ന് വ്യക്തമായല്ലോ. എന്നാൽ സലഫികളാണെന്ന് വെടി പറഞ്ഞ് നടക്കുന്ന മടവൂരികൾ മീസാനിനെ കുറിച്ച് എഴുതുന്നത് നോക്കുക.

''പാലം എന്നതിന്റെ വിവക്ഷ വ്യാഖ്യാനിക്കപ്പെടുന്നതാണ്. തുലാസ് എന്നതിനെ പണ്ഡിതൻമാർ വ്യാഖ്യാനിക്കുന്നത് പോലെ'' (സുല്ലമിയുടെ രിയാളുസ്സ്വാലിഹീൻ പരിഭാഷ 3/65)

കണ്ടല്ലോ, സ്വിറാത്തിനെ വ്യാഖ്യാനിക്കുന്നതും മീസാനിനെ വ്യാഖ്യാനിക്കുന്നത് പോലെ എന്നതാണ് ഇവരുടെ വാദം. ചോദിക്കട്ടെ, പരലോകത്ത് സ്ഥാപിക്കപ്പെടുന്ന മീസാനിനെ ഏത് സലഫീ പണ്ഡിതനാണ് വ്യാഖ്യാനിച്ചിട്ടുള്ളത്? മടവൂരീ പുരോഹിതൻമാർ തെളിയിക്കട്ടെ. അമാനി മൗലവിയടക്കമുള്ളവർ പരലോകത്ത് സ്ഥാപിക്കപ്പെടുന്ന മീസാനിനെ വ്യാഖ്യാനിക്കാതെയാണ് സ്വീകരിച്ചത് എന്നതിന് തെളിവുകൾ നാം ഉദ്ധരിച്ചു. എന്നാൽ മടവൂരികളുടെ ഉസ്താദുമാരായ മുഅ്തസിലികളാണ് മീസാനിനെ നിഷേധിക്കുകയും എതിർക്കുകയും ചെയ്യുന്നത് എന്ന് ഇമാം അബൂ ഇസ്ഹാഖ്(رحمه الله) പറഞ്ഞതായി ഇബ്നു ഹജർ അസ്ക്വലാനി(رحمه الله) ഉദ്ധരിക്കുന്നുണ്ട് (ഫത്ഹുൽബാരി 13/762). മടവൂരികൾ ആരാണ് എന്ന് ഇനി വിശദീകരിക്കേണ്ടതില്ലല്ലോ. തങ്ങളുടെ മുരടിച്ച മണ്ടയിൽ ഒതുങ്ങാത്ത എന്തിനെയും നിഷേധിക്കുകയോ വ്യാഖ്യാനിച്ച് ഇല്ലാതാക്കുകയോ ചെയ്യുക എന്നത് മടവൂരികളുടെ സ്ഥിരം ഏർപ്പാടാണ്. സലഫുകൾ ഈ വിഷയത്തിൽ എന്ത് നിലപാട് സ്വീകരിച്ചു എന്നൊന്നും പരിശോധിക്കാൻ മടവൂരീ മതക്കാർ തയ്യാറാവാറില്ല. മീസാനിനെ നിഷേധിക്കുന്നവരെക്കുറിച്ച് ഇമാം അഹ്മദ്(رحمه الله) പറഞ്ഞത് കൂടി മടവൂരികൾ ഒന്ന് പഠിക്കുക. അദ്ദേഹം പറയുന്നു.

''അന്ത്യനാളിൽ മീസാൻ സ്ഥാപിക്കുമെന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. നബി(ﷺ)യും അത് പഠിപ്പിച്ചിട്ടുണ്ട്. ആരെങ്കിലും അതിനെ നിഷേധിച്ചാൽ അവൻ നബി(ﷺ)യെ തള്ളിയവനാണ്. ആർ നബി(ﷺ)യെ തള്ളിയോ അവർ അല്ലാഹുവിനെയും തള്ളിയിരിക്കുന്നു'' (ഫത്ഹുൽബാരി)

ചുരുക്കത്തിൽ മടവൂരികൾക്ക് സലഫീ അഖീദയുടെ മാഹാത്മ്യം ഉൾകൊള്ളാൻ സാധിച്ചിട്ടില്ല എന്നതിന് സ്വിറാത്തിന്റെയും മീസാനിന്റെയും വിഷയവും ശക്തമായ തെളിവാണ്. സ്വിറാത്തും മീസാനുമില്ലാത്ത വികല വിശ്വാസവും പേറി നടക്കുന്ന മടവൂരിക്കൂട്ടം ശുദ്ധമായ സലഫീ അഖീദയിലേക്ക് തിരിച്ചു വരാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. അല്ലാഹു തുണക്കട്ടെ. ആമീൻ